<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6733</u> <u>11-07-2024 - ൽ മറുപടിയ്ക്ക്</u>

## <u>ഹോട്ടൽ, കാറ്ററിംഗ് മേഖലകളിലെ പാചക തൊഴിലാളികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഹോട്ടൽ, കാറ്ററിംഗ് മേഖലകളിലായി പാചകം മുഖ്യ തൊഴിലായി സ്വീകരിച്ച് ഉപജീവനം നടത്തുന്നവരുടെ എണ്ണമോ വിവരങ്ങളോ വകുപ്പിന്റെ പക്കൽ ലഭ്യമാണോ; അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ഇവർക്കായി എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | ഹോട്ടൽ , കാറ്ററിംഗ് മേഖലകളിലായി പാചകം മുഖ്യതൊഴിലായി സ്വീകരിച്ച് ഉപജീവനം നടത്തുന്നവരുടെ എണ്ണമോ വിവരമോ പ്രത്യേകമായി ശേഖരിച്ചിട്ടില്ല. പാചക തൊഴിലാളികൾക്കു വേണ്ടി രൂപം കൊണ്ടിരുന്ന 2011-ലെ കേരള പാചക തൊഴിലാളി ക്ഷേമ പദ്ധതി ഉൾപ്പെടെ ആറ് പദ്ധതികൾ കൂട്ടിച്ചേർത്ത്, 02/02/2016-ലെ സ.ഉ.(സാധാ)നം.24/2016/തൊഴിൽ ഉത്തരവ് പ്രകാരം രൂപം കൊണ്ട കേരള സംസ്ഥാന അസംഘടിത തൊഴിലാളി ക്ഷേമ പദ്ധതിയിൽ മറ്റൊരു ക്ഷേമ പദ്ധതിയിലും അംഗത്വം എടുത്തിട്ടില്ലാത്ത കാറ്ററിംഗ് മേഖലയിലെ തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുള്ളതും അംഗത്വമെടുക്കുന്ന മുറയ്ക്ക് അർഹതയ്ക്കനുസരിച്ച് പദ്ധതി നിഷ്കർഷിക്കുന്ന ആനുകൂല്യങ്ങൾ ടി തൊഴിലാളികൾക്ക് നൽകി വരുന്നതുമാണ്. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ ഹോട്ടൽ, കാറ്ററിംഗ് മേഖലകളിലായി പാചകം മുഖ്യ തൊഴിലായി സ്വീകരിച്ച 2364 അംഗങ്ങൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ